(ബി) ക്യാമ്പ് ഫോളോവർമാരെ പോലീസ് സൂപ്രണ്ടുമാർ മുതൽ മുകളിലോട്ടുള്ള പോലീസ് ഓഫീസർമാരുടെ വീടുകളിൽ വീട്ടു ജോലികൾ ചെയ്യിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു നിർത്തലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ക്യാമ്പ് ഫോളോവർമാരെ പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലാണോ ഉൾപ്പെടുത്തിയിട്ടുള്ളത്; അല്ലെങ്കിൽ ഇവർ ഏത് വിഭാഗത്തിൽപ്പെട്ടവരാണ് ?

ഉത്തരം

(എ) 1008 പേർ, ഇവർ കുക്ക്, ബാർബർ, ഡോബി, സ്വീപ്പർ/വാട്ടർകരിയർ/സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കേഴ്സ്, കോബ്ളർ, സൈസ് (മൗണ്ടറ്റ് പോലീസ്), സാണ്ടലർ (മൗണ്ടറ്റ് പോലീസ്) എന്നീ കാറ്റഗറിയായിട്ടാണ് ജോലി ചെയ്തുവരുന്നത്. ഇവർക്ക് ക്ലിപ്തമായ സമയപരിധി നിശ്ചയിച്ചിട്ടില്ല. അവധി ദിവസം ജോലി ചെയ്താൽ പകരം ഡേ ഓഫ് അലവൻസ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) അല്ല. ക്യാമ്പ് ഫോളോവർ എന്ന തസ്തിക ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ടതാണ്.

ഡി.ജി.പി.ക്ക് അയച്ച പരാതിയിൽ നടപടി

76 [1592] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം നല്ലില പള്ളിക്കിഴക്കതിൽ വീട്ടിൽ ശ്രീമതി അന്നമ്മ സജി 13-11-2004-ൽ രജിസ്റ്റേർഡ് നമ്പർ 1069 ആയി ഡയറക്ടർ ജനറൽ ഓഫ് പോലീസിന് അയച്ച പരാതി സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കൊല്ലം നല്ലില പള്ളിക്കിഴക്കതിൽ വീട്ടിൽ അന്നമ്മ സജിയുടെ പരാതിയിൻമേൽ ആവശ്യമായ അന്വേഷണം നടത്തുകയുണ്ടായി. ടി പരാതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ ഇരുകക്ഷികളേയും വിളിച്ച് സംസാരിച്ചതിൽ ഹർജിക്കാരിയായ അന്നമ്മ സജി ഇനിമേൽ ഭർത്താവായ സജിയോടൊപ്പം താമസിക്കുവാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞിട്ടുള്ളതാണ്. സ്ത്രീധനത്തിന്റെ പേരിലും മറ്റും ശാരീരികമായും മാനസികമായും പീഡിപ്പിച്ചു എന്ന് കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി. ഹർജിക്കാരിയുടെ ഭർത്താവായ സജി, അമ്മ മറിയാമ്മ എന്നിവരെ പ്രതിയാക്കി കോടതിയിൽ ചാർജ് ഷീറ്റ് ഹാജരാക്കിയിട്ടുണ്ട്. ഈ കേസ് കൂടാതെ ഹർജിക്കാരി ടിയാൾക്കും കുട്ടികൾക്കും ചെലവിനു കിട്ടുന്നതിലേക്ക് കുടുംബ കോടതിയിൽ കേസു കൊടുത്തിട്ടുള്ളതായി അന്വേഷണത്തിൽ അറിഞ്ഞു. എതിർകക്ഷികളിൽ നിന്നും കേസുകളുടെ തീർപ്പ് വരെ ഹർജിക്കാരിക്ക് യാതൊരുവിധ പ്രശ്നവും ഉണ്ടാക്കരുതെന്ന് എതിർകക്ഷികളെ ശക്തമായി താക്കീത് ചെയ്തിട്ടുണ്ട്.

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly